**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2801** **12-07-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യമൃഗങ്ങളുടെ ആക്രമണത്തെ തുടർന്ന് കൊല്ലം ജില്ലയിലെ കിഴക്കൻ മേഖലയിൽ തൊഴിലാളികൾക്ക് പുറത്ത് ഇറങ്ങി നടക്കുന്നതിനോ ജോലി ചെയ്യുന്നതിനോ കഴിയുന്നില്ലായെന്നുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ വന്യജീവികളുടെ പ്രത്യേകിച്ചും കാട്ടുപന്നികൾ, കുരങ്ങുകൾ എന്നിവയുടെ ആക്രമണം മൂലം പ്രദേശവാസികൾക്ക് ശാരീരിക പരിക്കുകൾ ഉണ്ടായിട്ടുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ തെന്മല, അച്ചൻകോവിൽ ഡിവിഷനുകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ആന, കുരങ്ങ്, ചെന്നായ തുടങ്ങിയ മൃഗങ്ങൾ സ്ഥിരമായി കടന്നുവരുന്ന പ്രസ്തുത മേഖലയിൽ സോളാർ ഫെൻസിങ്/നെറ്റ് വേലി സ്ഥാപിച്ച് തൊഴിലാളികളെയും കുടുംബങ്ങളെയും സഹായിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; | (ബി) | സ്വകാര്യഭൂമിയുമായി അതിർത്തി പങ്കിടുന്ന വനമേഖലകളിൽ വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സൗരോർജ്ജവേലി നിർമ്മിച്ചും, ആന കിടങ്ങുകൾ സ്ഥാപിച്ചും, കയ്യാല നിർമ്മിച്ചും പരമാവധി ഇടങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (സി) | കൃഷിനാശം സംഭവിച്ച പ്രസ്തുത പ്രദേശത്തെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) | **സതേൺ സർക്കിളിന്റെ പരിധിയിൽ വരുന്ന പ്രസ്തുത പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷി നാശം സംഭവിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ G.O.(Ms)No.02/ 2015/F&WLD dated 08.01. 2015, G.O.(Ms) No.17/2018/ F&WLD dated 05.04.2018 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഓൺലൈൻ അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി അർഹമായ നഷ്ടപരിഹാരം നൽകി വരുന്നു.** |

സെക്ഷൻ ഓഫീസർ